**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: E2-7935/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 29.06.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

VISHNU. G
Gokulam, Malakkara P.O
Edayaranmula, Pathanamthitta.

മാഡം,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 13.06.18ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ 2018 മാർച്ച് 31 മുതൽ 2019 മെയ് 31 വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിലുണ്ടാകുവാൻ സാധ്യതയുള്ള വിരമിക്കലുകൾ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ഈ കാലയളവിനുള്ളിൽ ക്ലർക്ക് തസ്തികയിൽ 19 ഒഴിവുകൾ ഉണ്ടാകുവാൻ സാധ്യതയുള്ള പ്രൊമോഷൻ നടക്കുവാൻ സാധ്യതയുണ്ട്.
2. വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലാ പി.എസ്.സിയിൽ നിന്നും അഡ്വൈസ് ചെയ്യപ്പെട്ട ക്ലർക്കുമാരുടെ സീനിയോറിറ്റി ക്രമം അറിയുന്നതിനായി പേജൊന്നിന് 2/- രൂപ ക്രമത്തിൽ 17 പേജിന് 34/- രൂപ 0070-60-800-42- Other Charges RTI എന്ന ഹെഡിൽ അടച്ച് ചെലാൻ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള Seniority List-ന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ്.
3. 2018 മാർച്ച് 31ന് ശേഷം ആലപ്പുഴ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടില്ല.
4. 2018 മാർച്ച് 31 മുതൽ 13.6.18 വരെയുള്ള കാലയളവിനുള്ളിൽ ആലപ്പുഴ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുവാൻ സാധ്യതയുള്ള വിരമിക്കലുകൾ ഉണ്ടായിട്ടില്ല.
5. 2017-18 കലണ്ടർ വർഷത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകേണ്ട ഒരു ഉദ്യോഗാർത്ഥിയ്ക്ക് ആലപ്പുഴ ജില്ലയിൽ ഒഴിവിന്റെ അഭാവത്തിൽ തൃശൂർ ജില്ലയിൽ

നിയമനം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഒഴിവുണ്ടാകുന്ന പക്ഷം ടിയാൾക്ക് ജില്ലയിൽ നിയമനം നൽകേണ്ടതുണ്ട്. ഈ കാലയളവിൽ അന്തർജില്ല സ്ഥലംമാറ്റം / അന്തർ വകുപ്പ് സ്ഥലംമാറ്റം ലാസ്റ്റ് ഗ്രേഡ് പ്രൊമോഷൻ എന്നിവ മുഖേന ഒഴിവുകൾ നികത്തിയിട്ടില്ല.

6. ഒരു കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന ക്ലർക്ക് തസ്തികയിലെ ഒഴിവുകളിൽ 10% ആശ്രിത നിയമനത്തിനായും 5% അന്തർജില്ലാ സ്ഥലംമാറ്റം 5% അന്തർവകുപ്പ് സ്ഥലംമാറ്റം OA Promotion-ന് വേണ്ടി 10% എന്നിങ്ങനെയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.
7. നിയമനം അനുശാസിക്കുന്നതിലും കവിഞ്ഞ് ഒഴിവുകൾ നികത്തിയിട്ടില്ല.
8. ആലപ്പുഴ ജില്ലയിൽ 2018 ജനുവരി 1 മുതൽ 13.6.18 വരെയുള്ള കാലയളവിനുള്ളിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടില്ല.
9. 2018 മാർച്ച് 31ന് ശേഷം നിലവിൽ വന്ന ഒഴിവുകൾ സേവന അവകാശ പ്രകാരമുള്ള കാലയളവിനുള്ളിൽ തന്നെ PSCയ്ക്ക് report ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, (K. ഗീത) സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18